# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 305 — 25-06-2012-ൽ മറുപടിയ്ക്ക്

## മൊബൈൽ ഫോൺ മോഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ :<br>ശ്രീ എം.പി. അബ്ദുസ്സമദ് സമദാനി :<br>ശ്രീ. എൻ. ഷംസുദ്ദീൻ :<br>ശ്രീ. സി. മമ്മൂട്ടി : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | മൊബൈൽ ഫോണുകളുടെ മോഷണം വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | അത്യാധുനിക സൗകര്യങ്ങളോടു കൂടിയ മൊബൈൽ ഫോണുകളോട് യുവതലമുറയ്ക്ക് ഉണ്ടാകുന്ന ആകർഷണം, മൊബൈൽ ഉപഭോക്താക്കളുടെ അശ്രദ്ധ, ഒന്നിൽ കൂടുതൽ മൊബൈൽ ഫോണുകൾ കൈവശം വയ്ക്കൽ, ധനലാഭത്തിന് വേണ്ടി കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനുള്ള വാസന എന്നിവയാണ് മൊബൈൽ ഫോണുകളുടെ മോഷണം വർദ്ധിച്ചു വരുന്നതിന്റെ പ്രധാന കാരണങ്ങൾ. |
| (ബി) | കുറഞ്ഞ വിലയ്ക്ക് മൊബൈൽ സെറ്റും ഫ്രീയായി സിം കാർഡും കിട്ടുന്നതിനാൽ ഫോൺ നഷ്ടപ്പെടുന്നവർ പരാതി നൽകാൻ തയ്യാറാകുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | മൊബൈൽ ഫോണുകൾ നഷ്ടപ്പെടുന്ന ഭൂരിപക്ഷം പേരും പരാതി നൽകാറുണ്ട്. പരാതികൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ലഭ്യമാകുന്ന മൊബൈൽ ഫോൺ ഉടമസ്ഥർക്ക് തിരികെ നൽകാറുമുണ്ട്. |

(സി) മോഷണം സംബന്ധിച്ച അന്വേഷണം നടക്കാത്തതിനാൽ ഇത്തരം സെറ്റുകൾ ഏതെല്ലാം വിധത്തിൽ ദുരുപയോഗം ചെയ്യപ്പെടുന്നുവെന്ന് കണ്ടെത്താറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ മോഷ്ടിക്കപ്പെടുന്ന സെറ്റുകൾ തീവ്രവാദ പ്രവർത്തനമുൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾക്ക് ഉപയോഗിക്കപ്പെടാമെന്നതിനാൽ ഈ വിഷയത്തിൽ സമഗ്ര അന്വേഷണം നടത്തുമോ ?

(സി) & (ഡി) മൊബൈൽ ഫോൺ മോഷണം സംബന്ധിച്ച പരാതി ലഭിച്ചാൽ പ്രസ്തുത പരാതികൾ രജിസ്റ്റർ ചെയ്ത് സമഗ്രമായ അന്വേഷണം നടത്തി മൊബൈൽ ഫോൺ കണ്ടെത്തി ഉടമസ്ഥർക്ക് തിരികെ നൽകാറുണ്ട്. ഇതിനായി ഫോണിന്റെ IMEI നമ്പരും, മൊബൈൽ ഫോൺ നമ്പരും കണ്ടെത്തുന്നതിനായി ജില്ലാ സൈബർ സെല്ലുകൾ ബന്ധപ്പെട്ട മൊബൈൽ കമ്പനികളുടേയും, സേവനദാതാക്കളുടേയും സഹകരണത്തോടെ അന്വേഷണം നടത്താറുണ്ട്. സാങ്കേതിക സഹായം കൂടുതൽ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ പോലീസ് ആസ്ഥാനത്തെ ഹൈടെക് സെല്ലിന്റെ സേവനം ഉപയോഗപ്പെടുത്താറുണ്ട്.

വ്യാജ തിരിച്ചറിയൽ രേഖകൾ ഹാജരാക്കി അനധികൃതമായി സിം കാർഡുകൾ കരസ്ഥമാക്കി ദേശീയ സുരക്ഷയ്ക്ക് ഭീഷണിയാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന സന്ദർഭങ്ങളിൽ സംസ്ഥാനത്ത് ഇത്തരം പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിനും, സിം കാർഡുകൾക്കായി വ്യാജരേഖ സമർപ്പിക്കുന്നവർക്കെതിരെയും,

അതിന്റെ അടിസ്ഥാനത്തിൽ സിം കാർഡുകൾ വിതരണം ചെയ്യുന്ന വർക്കെതിരെയും നിയമ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകി യിട്ടുണ്ട്.

സെക്ഷൻ ഓഫീസർ